ദൈവം ഉണ്ടോ ഇല്ലയോ

സദ്ഗുരുവിന്റെ സാരോപദേശം

ജഗ്ഗി വാസുദേവ്

ചോ*ദ്യകർത്താവ്: ഈ ലോകത്തിൽ ജനിക്കാനും പിന്നെ മരിക്കാനും ഒരാൾക്ക് എന്താവശ്യമാണുള്ളത്?*

സദ്ഗുരു: ജനിച്ചിരിക്കക്കൊണ്ട് അവർ മരിച്ചേതീരൂ. ഒരാൾ എന്തുകൊണ്ട് മരിക്കുന്നു എന്ന് പറയാൻ എളുപ്പമാണ്. അയാൾ ജനിച്ചു. അതുകൊണ്ട് അയാൾക്ക് മരിച്ചേ തീരൂ. എന്തിന് ഒരാൾ ജനിക്കുന്നു? "എന്തിന് ജീവൻ ഉണ്ടായിരിക്കുന്നു?" ഇപ്പോൾ ഈ ചോദ്യമുദിച്ചിരിക്കുന്നു. "എന്തിന് ജീവൻ ഉണ്ടായിരിക്കുന്നു?" എന്തുകൊണ്ട് ഒരാൾ ജീവിച്ചിരിക്കണം? "എന്തിന് ഒരു പ്രപഞ്ചമുണ്ടായിരിക്കുന്നു?" ഇങ്ങനെയുള്ള ചോദ്യങ്ങൾ ചോദിച്ചാൽ എനിക്ക് നിങ്ങളോട് ഇപ്രകാരമുള്ള കഥകൾ പറയേണ്ടിവരും. ഒരു ദിവസം ദൈവം ജോലിയൊന്നുമില്ലാതെ ഗോലികളിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. അപ്പോൾ ഒരു ഗോലി ഇവിടേക്ക് വീണ് നമ്മുടെ ഭൂമിയായിത്തീർന്നു. മറ്റൊന്ന് അവിടേക്ക് വീണ് സൂര്യനായിത്തീർന്നു. അദ്ദേഹം മറ്റെന്തോ ചെയ്തപ്പോൾ മനുഷ്യൻ ഉണ്ടായി. ഇങ്ങനെ നിങ്ങളോട് എനിക്ക് കഥകൾ പറഞ്ഞുകൊണ്ടേയിരിക്കാം. ഞാൻ എന്തൊക്കെ കഥകൾ നിങ്ങളോട് പറഞ്ഞാലും കുറച്ചുപേർ അത് വിശ്വസിച്ചെന്നും കുറച്ചുപേർ അത് അവിശ്വസിച്ചെന്നുമിരിക്കും. നിങ്ങൾ ഈ കഥകൾ വിശ്വസിച്ചാലും ഇല്ലെങ്കിലും, അത് കൊണ്ട് നിങ്ങളുടെ ജീവിതം ഒരു പ്രകാരത്തിലും സമ്പുഷ്ടമായിത്തീരാൻ പോകുന്നില്ല.

നിങ്ങളിൽ പലരും പല കാര്യങ്ങളിൽ എന്നും വിശ്വസിച്ചുപോന്നിട്ടുണ്ട്. ഇവിടെയിരിക്കുന്നവരിൽ എത്രപേർ ദൈവത്തിൽ വിശ്വസിക്കുന്നു? (വളരെയധികം കൈകൾ ഉയരുന്നു) ശരി, ദൈവത്തിൽ വിശ്വസിക്കാത്തവർ എത്രപേരുണ്ട്? (വളരെ കുറച്ച് കൈകൾ ഉയരുന്നു). നിങ്ങൾ എണ്ണത്തിൽ വളരെക്കുറവാണല്ലോ! കുറച്ചുപേർ ദൈവത്തിൽ വിശ്വസിക്കുകയും കുറച്ചുപേർ വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നു. ഇക്കൂട്ടത്തിൽ നിങ്ങൾക്ക് രണ്ട് കൈകളുണ്ടെന്ന് എത്രപേർ വിശ്വസിക്കുന്നു? അങ്ങനെയുള്ളവർ ഒരു കൈ ഉയർത്തുക. നിങ്ങൾക്ക് രണ്ട് കൈകളുണ്ടെന്ന് നിങ്ങൾ അറിയുകയാണോ അതോ അങ്ങനെ വിശ്വസിക്കുകയാണോ? കൈകൾ കാണുവാൻ നമുക്ക് കണ്ണുകളില്ലെങ്കിൽപ്പോലും സ്വാനുഭവത്തിലൂടെ നമുക്ക് രണ്ട് കൈകളുണ്ടെന്ന് അറിഞ്ഞുകൂടേ? ആർക്കെങ്കിലും നിങ്ങളുടെ അടുത്തുവന്ന് വാദിച്ചിട്ട് നിങ്ങൾക്ക് രണ്ട് കൈകളില്ല എന്ന് സ്ഥാപിക്കുവാൻ കഴിയുമോ? അത് സാധ്യമാവുമോ? വാഗ്വാദം വളരെ ചൂടേറി വന്നാൽ നിങ്ങൾ ആകെ ചെയ്യേണ്ടത് അയാൾക്ക് ഒരെണ്ണം കൊടുക്കുകയാണ്. അപ്പോൾ നിങ്ങൾക്ക് കൈകളുണ്ടെന്ന് അയാൾക്ക് മനസ്സിലാകും. പക്ഷേ, ദൈവത്തിൽ, നിങ്ങൾ വിശ്വസിക്കുകയാണ്. എന്തുകൊണ്ടാണത്? നമുക്കറിയാത്തതൊക്കെ നമ്മൾ വിശ്വസിക്കുന്നു. നിങ്ങൾ വിശ്വസിച്ചാലും അവിശ്വാസിച്ചാലും അതിന് ഉപയോഗമേതുമില്ല. നിങ്ങൾക്കറിയില്ല എന്ന കാഴ്ചപ്പാടുണ്ടാകുകയാണെങ്കിലാകട്ടെ നിങ്ങളുടെ ഉള്ളിലൊരു അന്വേഷണമാരംഭിക്കും. അന്വേഷണത്തിനുള്ള ത്വര ഉണ്ടാവുമ്പോൾ പിന്നെ ഉത്തരം അകലെയല്ലാതെയുണ്ട്. എന്തിലെങ്കിലും വിശ്വസിക്കാൻ തുടങ്ങിയാൽ നിങ്ങളുടെ ഉള്ളിലെ അന്വേഷണം നശിക്കുകയായി. അങ്ങനെയല്ലേ? "ഇത് ഇപ്രകാരമാണ്," എന്ന് നിങ്ങൾ പറയുമ്പോൾ, നിങ്ങൾ ഒരു തീരുമാനത്തിലെത്തിച്ചേർന്നിരിക്കുകയാണ്. തീരുമാനത്തിലെത്തിയാൽ പിന്നെ സത്യം അറിയാനുള്ള നിങ്ങളുടെ ഉള്ളിലെ മൗലികമായ ത്വരപോലും നശിക്കുകയായി.

ഒരു ദിവസം പ്രഭാതത്തിൽ സൂര്യോദയത്തിന് മുമ്പ്, തന്റെ ശിഷ്യഗണങ്ങളോടൊപ്പം ഗൗതമബുദ്ധൻ ഇരിക്കുകയായിരുന്നു. അപ്പോഴും ഇരുട്ടായിരുന്നു. വലിയ രാമഭക്തനായ ഒരാൾ അവിടെവന്നു. "രാമ രാമ രാമ" എന്ന ജപമല്ലാതെ മറ്റൊന്നും ജീവിതത്തിൽ അദ്ദേഹം ഉരിയാടിയിട്ടില്ല. അദ്ദേഹത്തിന്റെ വസ്ത്രങ്ങളിൽ പോലും നിറയെ "രാമ, രാമ" എന്ന് എഴുതിയിട്ടുണ്ടായിരുന്നു. അദ്ദേഹം അമ്പലങ്ങളിൽ പോകുകമാത്രമല്ല അനേകം അമ്പലങ്ങൾ നിർമ്മിക്കുക കൂടി ചെയ്തു. അദ്ദേഹത്തിന് പ്രായമേറിവരവേ ഒരു സംശയമുദിച്ചു. "ഞാൻ എന്റെ ജീവിതം മുഴുവൻ രാമ രാമ എന്ന് ജപിച്ചുകഴിയുന്നു. പക്ഷേ, ദൈവത്തിൽ വിശ്വസിക്കാത്തവർ, അവർക്ക് പോലും സൂര്യൻ ഉദിക്കുന്നു, അവരും ശ്വസിക്കുന്നു, അവരും ആനന്ദത്തോടുകൂടി ഇരിക്കുന്നു. സന്തോഷകരമായ അനേകം സന്ദർഭങ്ങൾ അവരുടെ ജീവിതത്തിലുമുണ്ടാവുന്നു. ഞാനോ രാമ രാമ എന്ന് ജപിച്ച് കഴിയുക മാത്രം ചെയ്യുന്നു. അവർ പറയുന്നതുപോലെ ദൈവം ഇല്ല എന്നു വരികിൽ എന്റെ ജീവിതം ആകെ പാഴായിപ്പോയിരിക്കയാണല്ലോ." ദൈവമുണ്ടെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. പക്ഷേ, ഇപ്പോൾ ഒരു ചെറിയ സംശയം. പുലർച്ചെ, നേരം വെളുക്കുന്നതിന് മുമ്പുള്ള ഇരുട്ടിൽ വന്നുകയറി ഒരു മൂലയ്ക്ക് നില്പുറപ്പിച്ച് അദ്ദേഹം ചോദിച്ചു: "ദൈവം ഉണ്ടോ അതോ ഇല്ലയോ?" ഗൗതമൻ അദ്ദേഹത്തെ നോക്കിയിട്ട് പറഞ്ഞു, "ഇല്ല". ശിഷ്യഗണങ്ങളുടെ ഇടയിൽ നിന്ന് അപ്പോൾ ആശ്വാസത്തിന്റെ ഒരു വലിയ നെടുവീർപ്പുയർന്നു. ദൈവമുണ്ടോ ഇല്ലയോ എന്നത് സംബന്ധിച്ച പോരാട്ടമായിരുന്നു എന്നും അവരിൽ സംഭവിച്ചുകൊണ്ടിരുന്നത്. ഗൗതമനോട് പലപ്രാവശ്യം ചോദിക്കുമ്പോഴൊക്കെ ഗൗതമൻ മൗനം പാലിക്കും. ഇതാദ്യമായാണ് അദ്ദേഹം വ്യക്തമായി 'ഇല്ല' എന്ന് പറഞ്ഞത്. ദൈവമില്ലാതെ ഇരിക്കുക എന്നത് എത്ര ആനന്ദകരം! നിങ്ങളെന്താണ് ചെയ്യുന്നതെന്നും എന്താണ് ചെയ്യാതിരിക്കുന്നതെന്നും നിരീക്ഷിക്കാൻ പിന്നെ ആരുമില്ലല്ലോ. നിങ്ങൾ പരിപൂർണ സ്വതന്ത്രർ. ദൈവമില്ലെങ്കിൽ നിങ്ങൾ പൂർണസ്വതന്ത്രരല്ലേ? നിങ്ങൾക്ക് ജീവിതത്തിൽ എന്തുവേണമോ ആവാം. ശിഷ്യന്മാർക്കിടയിൽ അത്യാഹ്ലാദം. ആ ദിവസം എല്ലാവർക്കും സന്തോഷം പകർന്ന ഒരു ദിവസമായിരുന്നു. വൈകുന്നേരം വീണ്ടും ശിഷ്യഗണങ്ങളുടെ ഇടയിൽ ഗൗതമൻ ഇരിക്കുമ്പോൾ മറ്റൊരാൾ അവിടെ വന്നു. അദ്ദേഹം ഒരു ചർവാകനായിരുന്നു. ഒരു ചർവാകൻ ആരെന്ന് നിങ്ങൾക്കറിയുമോ? അക്കാലത്ത് ചർവാകരെന്നറിയപ്പെട്ടിരുന്ന ഒരു വിഭാഗമുണ്ടായിരുന്നു. അവർ തികഞ്ഞ ഭൗതികവാദികളായിരുന്നു. ഒന്നിലും തന്നെ അവർ വിശ്വസിച്ചിരുന്നില്ല. കാണുവാൻ കഴിയുന്നത് മാത്രം അവർ വിശ്വസിച്ചു. അങ്ങനെയല്ലാത്തതിനൊന്നും അസ്തിത്വമില്ല. അവരിലൊരുവൻ. അയാൾ നിങ്ങളുടെ പട്ടണത്തിൽ വന്ന് നിങ്ങളെ വെല്ലുവിളിക്കും: "ദൈവം ഉണ്ടെന്ന് തെളിയിക്കാമെങ്കിൽ ഞാൻ നിങ്ങൾക്ക് പത്ത് സ്വർണനാണയങ്ങൾ തരും. മറിച്ച് ദൈവമില്ലെന്ന് നിങ്ങൾക്ക് ഞാൻ തെളിയിച്ചുതന്നാൽ നിങ്ങൾ എല്ലാവരും കൂടി എനിക്ക് 100 സ്വർണനാണയങ്ങൾ തരണം." ജീവിതകാലം മുഴുവൻ ഇങ്ങനെയാണ് അയാൾ പണം സമ്പാദിച്ചിരുന്നത്. പട്ടണങ്ങൾ തോറും നിരന്തരം സഞ്ചരിച്ച് ദൈവമില്ല, ദൈവമില്ല എന്ന് തെളിയിച്ചു. അതാണയാളുടെ ജോലി. അയാളുടെ പ്രവർത്തനമണ്ഡലത്തിൽ അയാൾ വലിയൊരാളായിരുന്നു. ആയിരക്കണക്കിനാളുകളുടെയടുത്ത് ദൈവമില്ലെന്ന് തെളിയിച്ച ആൾ.

പ്രായമേറി വന്നപ്പോൾ അയാൾക്കൊരു ചെറിയ സംശയം: "ജീവിതം മുഴുവനും ദൈവമില്ല എന്ന് ആളുകളോട് പറഞ്ഞുകൊണ്ടിരിക്കുകയാണ് ഞാൻ. ഇനി ദൈവമുണ്ടെങ്കിലോ? ഞാനവിടെ ചെല്ലുമ്പോൾ അദ്ദേഹം എന്നെ കൈവിടുമോ? നരകമെന്ന് എന്തോ ഉണ്ടെന്ന് ആളുകൾ പറയുകയും ചെയ്തിരിക്കുന്നു." ചെറിയൊരു സംശയം. ദൈവമില്ലെന്ന് അയാൾക്കറിയാം. ജീവിതം മുഴുവൻ അയാൾ തെളിയിച്ചതാണ്. പക്ഷേ ഇപ്പോൾ ഒരു ചെറിയ സംശയം. "ദൈവമുണ്ടെങ്കിലോ? എന്തിനൊരു വയ്യാവേലി തലയിലേറ്റണം? ഒരു ബോധിസത്വൻ പട്ടണത്തിലുണ്ടല്ലോ. അദ്ദേഹത്തോട് ചോദിച്ചേക്കാം." അങ്ങനെ വൈകുന്നേരം ഇരുട്ടുവീണ സമയത്ത് അയാൾ അവിടെ വന്ന് നിലയുറപ്പിച്ച് ഗൗതമനോട് ചോദിച്ചു: "ദൈവമുണ്ടോ?" ഗൗതമൻ അയാളെ നോക്കിയിട്ട് പറഞ്ഞു: "ഉണ്ട്." ശിഷ്യന്മാരുടെ ഇടയിൽ വലിയ വിമ്മിട്ടം. ദൈവമില്ലെന്ന് അദ്ദേഹം പറഞ്ഞതുകാരണം പ്രഭാതത്തിൽ മുഴുവൻ അവർ വളരെ സന്തോഷവാന്മാരായിരുന്നു. പക്ഷേ ഇപ്പോൾ വൈകുന്നേരം അദ്ദേഹം ദൈവമുണ്ടെന്ന് പറയുന്നു. എന്തുകൊണ്ടാണിങ്ങനെ?

വളരേണ്ടതിന്റെ ആവശ്യം ഗാഢമായി നിങ്ങളുടെ ഉള്ളിൽ ഉണ്ടെങ്കിൽ, അതാണ് നിങ്ങളുടെ ലക്ഷ്യമെങ്കിൽ, നിങ്ങളുടെ അനുഭവജ്ഞാനത്തിൽ ഉള്ളതെന്ത്, ഇല്ലാത്തതെന്ത് എന്നതിനെപ്പറ്റി ആദ്യം തന്നെ നിങ്ങൾക്ക് വ്യക്തതയുണ്ടാവണം. അനുഭവജ്ഞാനത്തിലുള്ളതെന്ത്, ഇല്ലാത്തതെന്ത് എന്ന് വ്യക്തമായി അടയാളപ്പെടുത്തുക. നിങ്ങളുടെ അനുഭവജ്ഞാനത്തിലുള്ളത് നിങ്ങൾക്കറിയാം. എന്താണോ നിങ്ങളുടെ അനുഭവജ്ഞാനത്തിൽ ഇല്ലാത്തത്, അവയ്ക്ക് അസ്തിത്വമില്ല, എന്ന് പറയേണ്ട ആവശ്യവുമില്ല. ഈ അവസ്ഥയിൽ നിങ്ങൾ എത്തിച്ചേർന്ന് കഴിഞ്ഞാൽ വളർച്ച താനേ സംഭവിച്ചുകൊള്ളും. "എനിക്കറിയില്ല," എന്ന് മാത്രം പറയുക. എന്താണോ നിങ്ങൾക്കറിയാത്തത്, അത് നിങ്ങൾക്കറിയില്ല എന്ന് അംഗീകരിക്കുകയാണെങ്കിൽ അപ്പോൾ മുതൽ വളർച്ചയുണ്ടാകാം. അതിനുപകരം, അറിയാത്തതെന്തോ അതെല്ലാം വിശ്വസിക്കാൻ തുടങ്ങിയാൽ നിങ്ങൾക്കെല്ലാമറിയാമെന്ന് നിങ്ങൾ ചിന്തിക്കും. നിങ്ങൾക്ക് ദൈവത്തെ അറിയാം. എവിടെയാണവനുള്ളതെന്നറിയാം, അവന്റെ പേരറിയാം, അവന്റെ ഭാര്യ ആരെന്നറിയാം, അവനെത്ര കുട്ടികളുണ്ടെന്നറിയാം, അവന്റെ പിറന്നാൾ എന്നാണെന്നറിയാം, ഏതുതരം മധുരപലഹാരങ്ങളാണ് അവൻ പിറന്നാളിനിഷ്ടപ്പെടുന്നത് എന്നും അറിയാം നിങ്ങൾക്ക്, നിങ്ങൾക്കെല്ലാമറിയാം. പക്ഷേ, നിങ്ങളുടെ തന്നെ ഉള്ളിൽ എന്താണ് സംഭവിക്കുന്നതെന്ന് നിങ്ങൾക്കറിയുകയില്ല. അതാണ് ഇപ്പോൾ ആകെയുള്ള പ്രശ്നം. സ്വർഗത്തിന്റെ മേൽവിലാസം വരെ നിങ്ങൾക്കറിയാം. പക്ഷേ, ഈ നിമിഷം നിങ്ങളുടെയുള്ളിൽ എന്താണ് സംഭവിക്കുന്നതെന്നതിനെക്കുറിച്ചുള്ള അവബോധം നിങ്ങൾക്കില്ല.